"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - 0070-60-800-64-00 (Toddy Workers Welfare) എന്ന ശീർഷകത്തിൽ തെറ്റായി അടവാക്കിയ റവന്യൂ റിക്കവറി തുക റീഫണ്ട് ചെയ്യുന്നതിന് അനുമതി നൽകിയും ഇതിനായി Drawing and Disbursing Officer-നെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.828/2026/RD തീയതി,തിരുവനന്തപുരം, 20-04-2026

---

പരാമർശം:- ലാൻഡ് റവന്യൂ കമ്മീഷണറുടെ 11.03.2025 തീയതിയിലെ LR/11840/2024-LR(B4) നമ്പർ കത്ത്.

**ഉത്തരവ്**

1990—91 കാലഘട്ടത്തിൽ ചങ്ങനാശ്ശേരി റേഞ്ചിലെ കള്ളുഷാപ്പുകളുടെ തൊഴിലുടമയായ ചെമ്പകക്കുട്ടിയമ്മയിൽ നിന്ന് തൊഴിലാളികളുടെ ക്ഷേമനിധി കുടിശ്ശികയായി ഉണ്ടായ തുക റവന്യൂ റിക്കവറി നിയമം 1968 പ്രകാരം ഈടാക്കിയിരുന്നതും ടി തുക തെറ്റായി 0070-60-800-64-00 (Toddy Workers Welfare) എന്ന ശീർഷകത്തിൽ അടവാക്കിയിട്ടുള്ളതുമാണെന്നും ആയതിനാൽ 0070-60-800-64-00 എന്ന ശീർഷകത്തിൽ നിന്നും പ്രസ്തുത തുക പിൻവലിച്ച് കേരള കള്ള് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിലേക്ക് (130712801000276) ക്രഡിറ്റ് ചെയ്യുന്നതിന് സർക്കാർ അനുമതിയും മേൽ നിർദ്ദേശവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ആലപ്പുഴ ജില്ല കളക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1990—91 കാലഘട്ടത്തിൽ ചങ്ങനാശ്ശേരി റേഞ്ചിലെ കള്ളുഷാപ്പുകളുടെ തൊഴിലുടമയായ ചെമ്പകക്കുട്ടിയമ്മയിൽ നിന്ന് തൊഴിലാളികളുടെ ക്ഷേമനിധി കുടിശ്ശികയായി ഉണ്ടായ തുക റവന്യൂ റിക്കവറി നിയമം 1968 പ്രകാരം ഈടാക്കിയിരുന്നതും കേരള കള്ള് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിലേക്ക് (130712801000276) ക്രഡിറ്റ് ചെയ്യേണ്ടിയിരുന്നതും തെറ്റായി 0070-60-800-64-00 (Toddy Workers Welfare) എന്ന ശീർഷകത്തിൽ അടവാക്കിയിട്ടുള്ളതുമായ 98,393/- രൂപ (തൊണ്ണൂറ്റിയെട്ടായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) റീഫണ്ട് ചെയ്യുന്നതിന് അനുമതി നൽകിയും ഇതിനായി ആലപ്പുഴ ജില്ലാ കളക്ടറേറ്റിലെ Drawing and Disbursing Officer & Deputy Collector (General) & Addl. District Magistrate ആയ ശ്രീമതി. ജ്യോതി ബി-യെ (DDO Code: 060161B001) ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, ആലപ്പുഴ
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, ആലപ്പുഴ (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (23.03.2026-ലെ വ്യയം-ഡി1/139/2026/ധന പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
സെക്ഷൻ ഓഫീസർ
Date: 21-04-2026 10:52:59